# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2246 — 15.07.2011 ൽ മറുപടിക്ക്

## ദുരന്ത നിവാരണ പദ്ധതി ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ (എം.എൽ.എ) | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) എം.എൽ.എ ശുപാർശ ചെയ്ത് അയയ്ക്കുന്ന ചികിത്സാ സഹായങ്ങളും അപകട മരണ സഹായങ്ങളും വകുപ്പ് മന്ത്രി ഇല്ലാത്ത അവസരങ്ങളിൽ ശുപാർശ ചെയ്ത എം.എൽ.എ തന്നെ റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം വിതരണം ചെയ്യുന്ന രീതി തുടർന്നും നടത്തുവാൻ അനുവാദം നൽകുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ അപകട മരണ ധനസഹായങ്ങൾ അതാതു ജില്ലാ കളക്ടർമാർ മുഖേന താലൂക്ക് ഓഫീസുകൾ വഴിയാണ് ഇപ്പോൾ വിതരണം ചെയ്തു വരുന്നത്. |
| (ബി) ആലപ്പുഴ ജില്ലയിൽ ദുരന്തനിവാരണ പദ്ധതിയുടെ ഇന്നത്തെ സംവിധാനം എന്താണ്; അത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) ജില്ലാ കളക്ടറേറ്റിലും താലൂക്ക് ആസ്ഥാനങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിട്ടുണ്ട്. ഇവിടെ ദിവസം മുഴുവനും പ്രവർത്തിക്കുന്ന വയർലെസ്സ് മുന്നറിയിപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വയർലെസ്സ് മുന്നറിയിപ്പ് സംവിധാനം 27 വില്ലേജ് ഓഫീസുകളിലും പ്രവർത്തിക്കുന്നു. കടൽക്ഷോഭം തടയുന്നതിനായി കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ മണൽചാക്കുകൾ നിരത്തുന്നതിനും, വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ജലാശയങ്ങളിലേക്ക് ജെ.സി.ബി. ഉപയോഗിച്ച് വെള്ളം തുറന്നുവിടുന്നതിനും തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനായി ഫയർഫോഴ്സ് , കോസ്റ്റ് ഗാർഡ് ഇന്ത്യൻ നേവി എന്നിവയുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാനും ഏർപ്പാടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ